ശ്രീ. എ. ജെ. ജാൺ: ഫാക്ടറി തുടങ്ങിയിട്ടില്ല. അതുകൊണ്ട് ഇപ്പോൾ പറയാൻ സാദ്ധ്യമല്ല.

ശ്രീ. പി. ആർ. മാധവൻപിള്ള: ഈ സ്റ്റാർച്ചുഫാക്റ്ററിയിൽ ഗവണ്മെൻറ് ഷെയറെടുക്കാൻ പോകുന്നുണ്ടോ?

ശ്രീ. എ. ജെ. ജാൺ: അതിനെപ്പറ്റി അവസാന തീരുമാനമായിട്ടില്ല.

## ലോക്കൽ ഡവലപ്പുമെൻറ് സ്കീം.

* 482. [14] ശ്രീ. കെ. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക്കൽ ഡവലപ്പുമെൻറ് സ്കീമിനു് അനുവദിച്ചിട്ടുള്ള തുക ഓരോ സബ്ഡിവിഷനും വീതിച്ചു് അലോട്ടുചെയ്തു കൊടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഓരോ സബ്ഡിവിഷനും എത്ര വീതം;

(സി) ഈ സ്കീമനുസരിച്ചു കഴിഞ്ഞ കൊല്ലം ഓരോ സബ്ഡിവിഷനും ചെലവാക്കിയ തുക എത്ര?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. ടി. തോമസ്): (എ) 1955-56-ലേക്കുള്ളതായ 30,80,000 രൂപ ഓരോ സബ്ഡിവിഷനും വീതിച്ചു് അലോട്ടുചെയ്തുകൊടുത്തിട്ടുണ്ടു്.

(ബി)

| | | | | |
|---|---|---|---|---|
| 1. | തൃശ്ശൂർ | സബ്ഡിവിഷൻ | രൂപ | 3,70,000 |
| 2. | ആലുവാ | ,, | ,, | 4,00,000 |
| 3. | മൂവാറ്റുപുഴ | ,, | ,, | 4,00,000 |
| 4. | കോട്ടയം | ,, | ,, | 3,70,000 |
| 5. | തലശ്ശേരി | ,, | ,, | 3,85,000 |
| 6. | തിരുവനന്തപുരം | ,, | ,, | 3,85,000 |
| 7. | കായംകുളം | ,, | ,, | 3,85,000 |
| 8. | അട്ടർ | ,, | ,, | 3,85,000 |
| | | | | 30,80,000 |

(സി)

| | | | രൂ. | ണ. | പൈ. |
|---|---|---|---|---|---|
| 1. | തൃശ്ശൂർ | സബ്ഡിവിഷൻ | 4711 | 0 | 0 |
| 2. | ആലുവാ | ,, | 13050 | 8 | 7 |
| 3. | മൂവാറ്റുപുഴ | ,, | 25589 | 3 | 4 |
| 4. | കോട്ടയം | ,, | 13542 | 10 | 0 |
| 5. | തലശ്ശേരി | ,, | 12620 | 12 | 0 |
| 6. | തിരുവനന്തപുരം | ,, | 15754 | 13 | 0 |
| 7. | കായംകുളം | ,, | 7833 | 9 | 0 |
| 8. | അട്ടർ | ,, | 22099 | 8 | 0 |
| | | ആകെ | 1,15,201 | 15 | 11 |

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ടി. തോമസ് : ഈ സ്കീമനുസരിച്ച് യാതൊരു വേലയും നടത്തിയിട്ടില്ലാത്ത പഞ്ചായത്തുകളുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അങ്ങനെ ഉള്ളതായി അറിവില്ല.

ശ്രീ. എൻ. ജി. ചാക്കോ : ഈ സ്കീം ശരിയായി നടക്കുന്നതിനും ജനങ്ങൾ ആറിൽ ഒന്ന് കെട്ടിവയ്ക്കണമെന്നുള്ള വ്യവസ്ഥ മാറ്റുന്നതിനും കേന്ദ്രഗവണ്മെൻറിനോ നിവേദനം നടത്തുമോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അതിനെപ്പറ്റി നിവേദനം നടത്തിയിട്ടു കാര്യമില്ല.

ശ്രീ. പി. കെ. ചാത്തൻ : കഴിഞ്ഞ കൊല്ലം ചെലവാക്കാത്ത തുക ലാപ്സാകുമോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ആകും.

ശ്രീ. പി. കെ. ചാത്തൻ : ഇക്കൊല്ലം തുക അനുവദിക്കുന്നതു് പഴയ പണികൾ ഉള്ളതിനാണോ ? പുതിയപണികൾക്കാണോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ആദ്യം എസ്റ്റിമേറ്റ് ചെയ്തിട്ടുള്ള പണികൾ ഉണ്ടെങ്കിൽ പ്രിഫറൻസ് അവയ്ക്കായിരിക്കും.

ശ്രീ. പ്രാക്കുളം ഭാസി : ലോക്കൽ ഡവലപ്പ്മെൻറ് സ്കീം അനുസരിച്ചുള്ള വർക്കുകൾക്ക് അംഗീകാരം കൊടുക്കുന്നതു് ആരാണു് ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ലോക്കൽ ഡവലപ്പ്മെൻറ് കമ്മിറ്റിക ളാണു് എസ്റ്റിമേറ്റുകൾ പരിശോധിച്ചു് നിർദ്ദേശങ്ങൾ നൽകുന്നതു്. ഓരോ എക്സിക്യൂട്ടീവ് ഇഞ്ചിനീയർക്കും അതിൽ 1000 രൂപവരെയുള്ള പണികൾക്കു് സാംക്ഷൻ കൊടുക്കാനുള്ള അധികാരമുണ്ടു്.

ശ്രീ. പ്രാക്കുളം ഭാസി : ലോക്കൽ ഡവലപ്പ്മെൻറ് കമ്മിറ്റിയിൽ അനുദ്യോഗസ്ഥാംഗങ്ങൾ വല്ലവരുമുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അതിനു നോട്ടീസ് വേണം.

ശ്രീ. പ്രാക്കുളം ഭാസി : അനുദ്യോഗസ്ഥാംഗങ്ങൾ ഇല്ലാത്തതു കൊണ്ടാണു് ലോക്കൽ ഡവലപ്പ്മെൻറ് കമ്മിറ്റികൾക്കു് പ്രോഗ്രസ് ഇല്ലാത്തതെന്നു് ഗവണ്മെൻറിനു അറിയാമോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അതിനെപ്പറ്റി അന്വേഷിച്ചു് ആവശ്യമായ നടപടികൾ കൈക്കൊള്ളാം.

ശ്രീ. പി. ഗോപാലൻ : ചെങ്കോട്ട സബ്ഡിവിഷനിൽ എന്തു് ചെലവായി എന്നു പറയാമോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ചെങ്കോട്ട മാത്രമായി ഒരു സബ് ഡിവി ഷൻ ഉണ്ടാക്കുകയില്ല.

ശ്രീമതി കെ. ആർ. ഗൗരി : മൂന്നിലൊന്നു് ഉപേക്ഷിച്ചു് കൺട്രാക്ടു് എഴുതിവച്ചാൽ പിന്നെയും 15 ശതമാനം കുറച്ചേ കൊടുക്കുകയുള്ളൂ എന്നു് വ്യവസ്ഥയുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : 15 ശതമാനം കൂട്ടിയാണു് എസ്റ്റിമേറ്റുണ്ടാക്കുന്നതു്. അതുകൊണ്ടു് അതു കുറച്ചേ കൊടുക്കുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരി : കഴിഞ്ഞ അസംബ്ലിയിൽ 15 ശതമാനം കുറയുമെന്നുള്ളതു് ഉപേക്ഷിക്കാമെന്നു് പറഞ്ഞതനുസരിച്ചു് നടപടി എടുക്കുമോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അതിനെപ്പറ്റി ആലോചനയിൽ നടത്തിക്കൊണ്ടിരിക്കുകയാണു്. ഇൻഡ്യാഗവണ്മെൻറിന്റെ കൂടി സമ്മതം അതിനാവശ്യമാണു്.

ശ്രീ. ടി. കെ. ദിവാകരൻ : ഈ കമ്മിറ്റിയിലെ പിരിയാഡിക്കൽ സ്റ്റേറ്റുമെൻറ് അയയ്ക്കുന്നുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഉണ്ടു്. മൂന്നു മാസത്തിലൊരിക്കൽ അങ്ങനെ അയയ്ക്കണമെന്നുണ്ടു്.

ശ്രീ. ടി. കെ ദിവാകരൻ : ഡവലപ്പുമെൻറ് വർക്കുകൾ നടത്തുന്നതിനുള്ള സാംക്ഷൻ പിട്ടാൻ കാലതാമസം വരുന്നുണ്ടെന്നുള്ള കാര്യം ഗവണ്മെൻറിനറിയാമോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അതു പരിഹരിക്കുന്നായിട്ടു് ഇപ്പോൾ കൂടുതലായി എക്സിക്യൂട്ടീവു് എൻജിനീയറന്മാരേയും അസിസ്റ്റൻറ് എൻജിനീയറന്മാരെയും മറ്റും നിയമിച്ചിട്ടുണ്ടു്. പതിനായിരം രൂപവരെയുള്ള വർക്കുകൾ എക്സിക്യൂട്ടീവു് എൻജിനീയർക്കു് അനുവാദം നൽകാനുള്ള അധികാരം ഉണ്ടു്.

## പഞ്ചായത്തു വീട്ടുകരം.

* 483. [15] ശ്രീ. എൻ. ജി. ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സംസ്ഥാനത്തുള്ള എല്ലാ പഞ്ചായത്തുകളിലും ഇതിനകം വീട്ടുകരം ഏർപ്പെടുത്തിക്കഴിഞ്ഞിട്ടുണ്ടോ;

(ബി) ഇല്ലായെങ്കിൽ ഏതു പഞ്ചായത്തുകളിൽ ഇനിയും വീട്ടുകരം ഏർപ്പെടുത്തേണ്ടതായിട്ടുണ്ടു് ?

തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) :

(എ) എല്ലാ പഞ്ചായത്തുകളിലും വീട്ടുകരം ഏർപ്പെടുത്തിക്കഴിഞ്ഞിട്ടില്ല.

(ബി) കൊല്ലം ഡിസ്ട്രിക്ടിൽ പന്ത്രണ്ടും, കോട്ടയം ഡിസ്ട്രിക്ടിൽ മൂന്നും പഞ്ചായത്തുകളിൽ ഇനിയും വീട്ടുകരം ഏർപ്പെടുത്തേണ്ടതായിട്ടുണ്ടു്.

ശ്രീ. എൻ. ജി. ചാക്കോ : വീട്ടുകരത്തിൽ നിന്നും ഹാർസിനെ (കുടിലുകരം) ഒഴിവാക്കിയിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഒഴിവാക്കണമെന്നു നിർദ്ദേശിച്ചിട്ടുണ്ടു്.

ശ്രീ. എൻ. ജി. ചാക്കോ : എന്നാണു് നിർദ്ദേശം കൊടുത്തതു് ?

ശ്രീ. കെ. കൊച്ചുകുട്ടൻ : കഴിഞ്ഞ ഒക്ടോബർ മാസത്തിലാണെന്നാണു് എന്റെ ഓർമ്മ.

LIBRARY ARCHIVES Kerala Legislative Assembly